## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 5924      28.10.2011 - ൽ മറുപടിയ്ക്ക്

### കാസർഗോഡ് ജില്ലയിലെ അക്രമ പരമ്പര

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) | കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ്, ബേക്കൽ, അമ്പലത്തറ പോലീസ് സ്റ്റേഷനുകളിലെ പരിധിയിൽ 2011 ഒക്ടോബർ 9,10,11,12 തീയതികളിൽ നടന്ന അക്രമ പരമ്പര ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത അക്രമ പരമ്പര ഏത് യോഗത്തിന്റെ ഭാഗമായിട്ടാണ് നടന്നിട്ടുള്ളതെന്ന് വിശദമാക്കാമോ ; | (ബി) | ഏതെങ്കിലും യോഗത്തിന്റെ ഭാഗമായാണ് നടന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | അക്രമത്തിൽ എത്ര വീടുകളും കടകളുമാണ് തകർത്തിട്ടുള്ളത് ; ഇതിലൂടെ എത്ര രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട് ; | (സി) | പ്രസ്തുത അക്രമ സംഭവങ്ങളിൽ 64 വീടുകൾക്ക് നാശനഷ്ടം സംഭവിക്കുകയും ഇതിൽ 41,11,000/- (നാല്പത്തിയൊന്നു ലക്ഷത്തി പതിനൊന്നായിരം) രൂപയും, 21 കടകളിലായി 32,95,000/-(മുപ്പത്തിരണ്ടു ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം) രൂപ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. |
| (ഡി) | അക്രമം വ്യാപിക്കാതിരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ; | (ഡി) & (ഇ) | അക്രമ സംഭവം അരങ്ങേറിയ ഭാഗങ്ങളിലും മറ്റു സ്ഥലങ്ങളിലും മുൻ കരുതലിനായി നിരോധനാജ്ഞ പുറപ്പെടുവിച്ചും പോലീസ് പിക്കറ്റ് പോസ്റ്റുകൾ സ്ഥാപിച്ച് ശക്തമായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയും പോലീസ് പട്രോളിംഗ് ശക്തമാക്കിയും വാഹന പരിശോധന നടത്തിയും അക്രമ സംഭവങ്ങൾ വ്യാപിക്കുവാതിരിക്കാൻ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സർവ്വ കക്ഷി സമാധാന യോഗം വിളിച്ചു കൂട്ടിയും എല്ലാ വിഭാഗം ആൾക്കാരെയും നിയമവിധേയമായി പ്രവർത്തിക്കുവാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ഇ) | ജില്ലയുടെ തീരദേശ മേഖലയിലെ പ്രശ്നങ്ങളിലൂടെ സാമുദായിക സ്പർദ്ധ വർദ്ധിപ്പിക്കുന്ന പ്രവർത്തനം തടയുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ? | | |

കടലോര ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുള്ളതും തീരദേശത്ത് അസ്വാഭാവികമായ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. കൂടാതെ കാസർഗോഡ് ആസ്ഥാനമായി ഒരു തീരദേശ പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിനു പുറമെ തൃക്കരിപ്പൂർ ആസ്ഥാനമായി ഒരു തീരദേശ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുവാൻ നടപടി ആയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ